**അടിയന്തരപ്രമേയം**

**പയ്യോളി പ്രദേശത്തെ ആക്രമണങ്ങൾ**

മി. സ്പീക്കർ: ഇന്ന് ശ്രീ. കെ. ദാസന്റെ പേരിൽ 12–ാമതായി ലിസ്റ്റ് ചെയ്യപ്പെട്ട സബ്മിഷനാണ് രാവിലെ അടിയന്തരപ്രമേയമായി വന്നിരിക്കുന്നത്. ഏതായാലും സബ്മിഷന് വന്നൊരു വിഷയം അടിയന്തരപ്രമേയമായി വന്നു. ചെയർ അത് അനുവദിക്കുന്നു.

സി.പി.ഐ.(എം.) പയ്യോളി ഏര്യാ സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ വീടുകൾക്ക് നേരെ 2014, ഫെബ്രുവരി 4–ാം തീയതി ഒരു സംഘം ആർ.എസ്. എസ്. പ്രവർത്തകർ ആക്രമണം നടത്തിയതിനെത്തുടർന്ന് പയ്യോളി പ്രദേശത്ത് സ്ഥിരമായി അക്രമമുണ്ടാകുന്നു. പ്രസ്തുത കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്താൻ പോലീസ് തയ്യാറാകാതിരിക്കുന്നതിനെത്തുടർന്ന് ജനങ്ങൾ ആശങ്കയിലായിരിക്കുകയാണെന്ന് പറയപ്പെടുന്ന സ്ഥിതി വിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവെച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ദാസൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു. എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 05-02-2014 പുലർച്ചെ 12.20–ന് പയ്യോളി പെരുമാൾപുരത്തെ സി.പി.ഐ(എം.) പ്രവർത്തകനായ സുനീഷ് (29), തന്റെ വീടിന്റെ ഓഫീസ്

മുറിയിൽ കിടക്കുന്ന സമയം രണ്ടു മോട്ടോർ സൈക്കിളുകളിലെത്തിയവർ വീട്ടു പറമ്പിലേയ്ക്ക് അതിക്രമിച്ച് കയറി സ്ഫോടക വസ്തുക്കൾ വീട്ടിലെ ഓഫീസ് മുറിയുടെ ജനലിന് നേരെ വലിച്ചെറിഞ്ഞ് സ്ഫോടക വസ്തു പൊട്ടി ജനൽ ചില്ലുകൾ തകർന്ന് 10,000/- രൂപയുടെ നാശനഷ്ടമുണ്ടായി. സംഭവത്തിൽ ആർക്കും പരിക്കില്ല. ഈ സംഭവത്തിൽ, സുനീഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 447, 427, 34 ഉം എക്സ്പ്ലോസീവ് സബ്സറ്റൻസ് ആക്ട് 2008 –ലെ 3, 5 പ്രകാരവും പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം 115/14 ആയി കേസ് രജിസ്റ്റർ ചെയ്തു. പയ്യോളി പോലീസ് സബ് ഇൻസ്പെക്ടർ ഈ കേസിന്റെ അന്വേഷണം നടത്തി വരുന്നു. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ സംഭവത്തിനുശേഷം 05.02.2014 പുലർച്ചെ 12.30–ന് സി.പി.ഐ. (എം.) പയ്യോളി ഏര്യാ സെക്രട്ടറി ടി. ചന്തുമാസ്റ്ററുടെ കീഴൂരിലുള്ള വീടിന്റെ കിടപ്പുമുറിയുടെ ഒരു ജനൽ ഗ്ലാസും ഡൈനിംഗ് റൂമിന്റെ മൂന്ന് ജനൽ ഗ്ലാസ്സുകളും തിരിച്ചറിയാത്ത 6 പേർ ചേർന്ന് കല്ലെറിഞ്ഞ് തകർത്തിട്ടുണ്ട്. ഈ സംഭവത്തിൽ 6,000/– രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിലേയ്ക്ക് ചന്തുമാസ്റ്ററുടെ പരാതി പ്രകാരം ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 452, 427, 149 എന്നീ വകുപ്പുകൾ ചേർത്ത് പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം 114/14 –ആയി കേസ് രജിസ്റ്റർ ചെയ്ത് പയ്യോളി പോലീസ് അഡീഷണൽ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ഈ കേസുമായി ബന്ധപ്പെട്ട പ്രതികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. അക്രമത്തിൽ പ്രതിഷേധിച്ച് സി.പി.ഐ.(എം.) പ്രവർത്തകർ പയ്യോളി ഏര്യാ കമ്മിറ്റിയ്ക്ക് കീഴിലുള്ള പയ്യോളി, തിക്കോടി, മൂടാടി, തുറയൂർ എന്നീ പഞ്ചായത്തുകളിൽ 05.02.2014–ന് രാവിലെ 6.00

മണി മുതൽ വൈകിട്ട് 6.00 മണി വരെ സി.പി.ഐ.(എം.) ആഹ്വാനപ്രകാരം ഹർത്താൽ നടത്തി. മേൽ അക്രമസംഭവങ്ങളുടെ അടിസ്ഥാന കാരണം വളരെ കാലമായി തുടർന്നുവരുന്ന ബി.ജെ.പി, സി.പി.ഐ.(എം.) രാഷ്ട്രീയ പാർട്ടി വിരോധം മൂലമാണ്. സി.പി.ഐ.(എം.) പ്രവർത്തകനായ സുനീഷ് പയ്യോളിയിൽ ബി.എം.എസ്., ബി.ജെ.പി. പ്രവർത്തകനായിരുന്ന മനോജൻ കൊല്ലപ്പെട്ട കേസ്സിൽ പയ്യോളി പി.എസ്. ക്രൈം നമ്പർ 85/12 11–ാം പ്രതിയാണ്. ഇപ്പോഴുണ്ടായ രണ്ടു കേസുകളിലും നിഷ്പക്ഷമായ അന്വേഷണം പോലീസ് നടത്തി വരികയാണ്.

<u>ശ്രീ. കെ. ദാസൻ:</u> സർ, ഞാൻ സബ്മിഷന് വേണ്ടി ആവശ്യപ്പെട്ടിരുന്നതിനെക്കാൾ കൂടുതൽ ഗൗരവകരമായ പ്രശ്നങ്ങളാണ് ഇതിൽ വരുന്നത്. അതുകൊണ്ടാണ് അടിയന്തരപ്രമേയമായിട്ട് അവതരിപ്പിക്കുന്നത്. കോഴിക്കോട് ജില്ലയിലെ പയ്യോളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെടുന്നതും അവിടത്തെ സി.പിഐ.(എം.)–ന്റെ ഏര്യാ സെക്രട്ടറിയും സി.കെ.ജി. ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രധാന അധ്യാപകനായി ഇപ്പോൾ റിട്ടയർ ചെയ്തിട്ടുള്ളയാളാണ് ചന്തുമാസ്റ്റർ. അദ്ദേഹത്തിന്റെ ഭാര്യ അതേ സ്കൂളിലെ ടീച്ചറാണ്. ഈ കഴിഞ്ഞ ചൊവ്വാഴ്ച (2014 ഫെബ്രുവരി 4–ന്) 12.40–ന് 6 പേരടങ്ങുന്ന ക്രിമിനൽ സംഘം ഇരുമ്പുപൈപ്പ് കൊണ്ട് അദ്ദേഹത്തിന്റെ വീട്ടിലെ 4 ജനൽ ചില്ലുകൾ അടിച്ചുതകർത്തു. മുറിയിൽ കിടന്നുറങ്ങുകയായിരുന്ന ചന്തുമാസ്റ്ററുടെ ഭാര്യ വസന്ത ടീച്ചറുടെ ദേഹത്ത് ചില്ലുകൾ തെറിച്ചതിന്റെ ഭാഗമായി ഗുരുതരമായ പരിക്ക് പറ്റിയിട്ടുണ്ട്. തൊട്ടടുത്ത വീട്ടിൽ നിന്നും ആളുകൾ ശബ്ദം കേട്ട് ഓടി വന്നതിന്റെ അടിസ്ഥാനത്തിൽ ഈ വന്ന കക്ഷികൾ 6 പേരും കീഴൂർ പള്ളിക്കാട് റോഡിൽ കൂടി ഓടിരക്ഷപ്പെടു

കയാണ് ചെയ്തിട്ടുള്ളത്. അവിടെ കുറച്ചാളുകൾ വോളീബോൾ കളി കഴിഞ്ഞ് തിരിച്ചുവന്ന് ലൈറ്റ് ഇട്ടിരിക്കുന്ന സമയത്താണ് ഈ ആക്രമണം നടക്കുന്നത്. അവർക്ക് ഈ അക്രമികളെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുമുമ്പും അദ്ദേഹത്തിന്റെ നേർക്ക് ആക്രമണം നടന്നിട്ടുണ്ട്. 2012-ൽ ആർ.എസ്.എസിന്റെ ക്രിമിനൽ സംഘം ഇതേ വീട്ടിൽ കയറി വീട് അടിച്ച് തകർക്കുകയും ആക്രമണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ പേരിൽ എഫ്.ഐ.ആർ. ഇട്ട് കേസന്വേഷണം പുരോഗമിച്ചുവരുന്നു. പക്ഷെ, നാളിതുവരെ ഒരു പ്രതിയെ പോലും കണ്ടെത്താനോ അവരെ നീതിന്യായ പീഠത്തിന് മുൻപിൽ കൊണ്ടുവരാനാവശ്യമായ ഒരു നടപടിയോ കേരള പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പ്രത്യേകിച്ച് പയ്യോളി പോലീസ് സ്റ്റേഷനിൽ നിന്നും ഉണ്ടായിട്ടില്ലായെന്നുള്ളത് ഖേദകരമാണ്. ഇതിനുമുൻപും പയ്യോളി പാർട്ടി ഓഫീസ് അഗ്നിക്കിരയാക്കിയിട്ടുണ്ട്. നിരവധി വീടുകൾ ആക്രമണത്തിന് വിധേയമാക്കിയിട്ടുണ്ട്. എല്ലാവരും ഉറങ്ങിക്കിടക്കുന്ന സമയത്ത്, അർദ്ധരാത്രി വീട്ടിൽ കിടക്കുന്ന നിരവധി വാഹനങ്ങൾ കത്തിക്കുക, മോട്ടോർ സൈക്കിളുകൾ കത്തിക്കുക ഇങ്ങനെ നിരവധി സംഭവങ്ങൾ ഇതിന്റെ തുടർച്ചയായി തന്നെ അവിടെ ഉണ്ടായിട്ടുണ്ട്. അതേ ദിവസം തന്നെയാണ് സി.പി.ഐ.(എം.) പ്രവർത്തകനായ കളത്തിൽ കൃഷ്ണന്റെ വീട്ടിൽ ബോംബെറിഞ്ഞത്. അവരുടെ കിടപ്പുമുറി പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. യഥാർത്ഥത്തിൽ, ഈ കുടുംബം വീടിന്റെ റിപ്പയർ പ്രവൃത്തി നടക്കുന്നതുകൊണ്ട് ഓഫീസ് റൂമിലാണ് താമസിച്ചിരുന്നത്. അതിനാൽ മൂന്നുനാലു ആളുകളുടെ അപായമാണ് ഒഴിവാക്കാൻ കഴിഞ്ഞത്. പക്ഷെ ഭാഗ്യത്തിന് വീടിന്റെ റിപ്പയർ നടക്കുന്നതുകൊണ്ട് അവിടെ നിന്നും മാറി താമസിച്ചുവെ

ന്നുള്ളതുകൊണ്ടാണ് അപായമില്ലാതെ അവർ രക്ഷപ്പെട്ടത്. ഈ വൻ സ്ഫോടനം ഉണ്ടായപ്പോൾ തന്നെ പരിസരവാസികൾ ഓടിവന്നു വീടിന്റെ പടിഞ്ഞാറ് ഭാഗത്ത് ഒരു ചെറിയ റോഡുണ്ട്. ആ റോഡിലുടെയാണ് ഈ അക്രമികൾ ഓടി രക്ഷപ്പെട്ടത്. ഇതൊരു ഒറ്റപ്പെട്ട സംഭവമായി എടുക്കാൻ സാധിക്കുകയില്ല. നേരത്തെ, വിയ്യൂരിലെ ഡി.വൈ.എഫ്.ഐ. പ്രവർത്തക നായ ഒരു ഓട്ടോറിക്ഷാ ഡ്രൈവറെ ഒട്ടോറിക്ഷാ വിളിപ്പിച്ച് ഒരാളില്ലാത്ത പ്രദേശത്ത് കൊണ്ടുപോയി അദ്ദേഹത്തെ വെട്ടി പരിക്കേൽപ്പിച്ചു. പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീ ആ സമയത്ത് അവിടെ ഓടിയെത്തില്ലായിരുന്നുവെ ങ്കിൽ അദ്ദേഹത്തെ കൊല്ലുമായിരുന്നു. അദ്ദേഹം 6 മാസക്കാലം കിടപ്പിലായി രുന്നു. അതിന്റെ പേരിൽ കേസെടുക്കാൻ വേണ്ടി അന്നത്തെ എസ്.പി. ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞപ്പോൾ, മുകളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെ ഫലമായിട്ടാണെന്ന് സംശയിക്കുന്നു – ആ കേസിന്റെ ഭാഗ മായി ഒരു പ്രതിയെപ്പോലും നാളിതുവരെയായിട്ടും അറസ്റ്റ് ചെയ്യുകയോ അതിനാവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അക്രമികൾ വന്ന ഒരു എ.സി. വാഹനം പോലീസ് കണ്ടെത്തിയിട്ടുണ്ട്. അക്രമികൾ തമ്പ ടിച്ചത് കൊല്ലം പിഷാരികാവ് ക്ഷേത്രത്തിലെ ലോഡ്ജ് മുറിയിലാണ്. അതും പോലീസിന് വിവരം കിട്ടിയിട്ടുണ്ട്. എന്നിട്ടുപോലും ഈ പ്രതികളെ കണ്ടുപി ടിച്ച് കോടതിയുടെ മുൻപിൽ കൊണ്ടുവരാനാവശ്യമായ ഒരു നടപടിയും ഒന്ന രവർഷമായിട്ടും നടന്നിട്ടില്ല. മാത്രമല്ല ധർമ്മനെ ആക്രമിച്ചതിൽ പ്രതിഷേധിച്ച് കൊല്ലം ടൗണിൽ ഒരു പ്രതിഷേധ മീറ്റിംഗ് നടത്തിയിരുന്നു. അതിൽ അദ്ധ്യക്ഷ പ്രസംഗം നടത്തിയ അവിടത്തെ പാർട്ടി ലോക്കൽ കമ്മിറ്റി മെമ്പർ സഖാവ് പത്മനാഭനെ അന്ന് പൊതുയോഗം കഴിഞ്ഞ് തിരിച്ചുപോകുന്ന സമ

യത്ത് 'നിന്നെ നാളെ വധിക്കും' എന്ന് മൊബൈലിൽ വിളിച്ച് ഭീഷണിപ്പെടുത്തി. ഫോണിലൂടെ വിളിച്ച് പറഞ്ഞ് രണ്ടുദിവസം കഴിഞ്ഞ് അയാളെ ആക്രമിച്ചു. പത്രം കൊണ്ടുവരുന്ന ആളാണ് പത്മനാഭൻ. പിഷാരിക്കാവ് ക്ഷേത്രത്തിനടുത്ത് പത്രം കൊണ്ടുപോകുന്ന സമയം പുലർച്ചെ 5.00 മണിക്ക് അക്രമികൾ വളഞ്ഞ് ആക്രമിക്കുകയും വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തു. ഒരുകൊല്ലമായി അദ്ദേഹം കിടപ്പിലാണ്. ആ കേസുമായി ബന്ധപ്പെട്ട് ഒരു പ്രതിയെപോലും ഇതുവരെ കണ്ടെത്താനോ ആ പ്രതികളെപ്പറ്റി അന്വേഷിക്കാനോ ആവശ്യമായ നടപടിയുണ്ടായിട്ടില്ല. അതുപോലെ തന്നെ, സി.പി.ഐ. (എം.) ന്റെ പഴയ എര്യാ സെക്രട്ടറി എൻ. വി. ബാലകൃഷ്ണന്റെ വീട്ടിൽ 7 ബോംബുകളാണ് എറിഞ്ഞത്. അദ്ദേഹത്തിന്റെ ഭാര്യ ശാന്ത മുനിസിപ്പൽ ചെയർപേഴ്സണാണ്. ശാന്ത ടീച്ചർ ആ സമയം അവിടെയില്ല. വൃദ്ധയായ മാതാവും അദ്ദേഹത്തിന്റെ രണ്ടു പെൺകുട്ടികളും മാത്രമാണ് അന്ന് വീട്ടിലുണ്ടായിരുന്നത്. പുലർച്ചെ 5 മണിക്കാണ് ആ വീട്ടിൽ ഈ അക്രമം അരങ്ങേറുന്നത്. ഇതിനെ സംബന്ധിച്ച് ബോംബ് സ്ക്വാഡ് വന്നു. 7 ബോംബുകളാണ് പൊട്ടിയിട്ടുള്ളത്. അതിൽ രണ്ടെണ്ണം ഉഗ്ര സ്ഫോടനമുള്ള ബോംബുകളാണെന്ന് തിരിച്ചറിഞ്ഞു. ആ ബോംബ് സ്ക്വാഡ് അന്ന് ഇക്കാര്യങ്ങളെല്ലാം പരിശോധിച്ചശേഷവും നാളിതുവരെയായിട്ടും ഒരു പ്രതിയെപ്പോലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്തെല്ലാം ആധുനിക സംവിധാനങ്ങളെക്കുറിച്ചാണ് ഗവൺമെന്റ് പറയുന്നത്. ഈ കേരളത്തിലെ എല്ലാ കേസ്സുകളും തെളിയിക്കുമെന്നല്ലേ പലപ്പോഴും പറയുന്നത്. എന്നാൽ എന്റെ അനുഭവത്തിൽ ആ കേസ് തെളിയിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. ഞങ്ങൾ മനസ്സിലാക്കുന്നത് ഉത്തരവാദപ്പെട്ട ഒരു നേതാവ്, ആ നേതാവിന്റെ

നിർദ്ദേശത്തിനനുസരിച്ചാണ് അവിടത്തെ പോലീസ് ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആർ.എസ്.എസ്. കാരെ സഹായിക്കുവാനുള്ള നിലപാടാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഈ അന്വേഷണം നടത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട പോലീസുകാരെ പലഘട്ടങ്ങളിലായി ട്രാൻസ്ഫർ ചെയ്യുകയും പകരം തങ്ങളുടെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്ന പോലീസിനെയാണ് ഇവിടെ കൊണ്ടുവരുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ പൂർണ്ണമായും ഒരു അരക്ഷിതാവസ്ഥ നിലനിൽക്കുകയാണ്. ജനങ്ങളെല്ലാം ആശങ്കയിലാണ്. ആക്രമണം നടത്തിയ പ്രതികളെ കണ്ടെത്താനാവശ്യമായ ഒരു നടപടിയും സ്വീകരിക്കുന്നില്ല. അടുത്തകാലത്ത് ഞാൻ മറ്റൊരു സംഭവം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സുരേഷ് എന്ന ചെറുപ്പക്കാരൻ മുസ്ലീം ലീഗുകാരും കോൺഗ്രസ്സുകാരും ഉൾപ്പെടെ എല്ലാവർക്കും സമ്മതനായ ഒരാളാണ്. അദ്ദേഹം പേരാമ്പ്രയിലെ RAIDCO ഓഫീസിലെ മാനേജരായിരുന്നു. അദ്ദേഹം ഒരു കേസ്സിലെയും പ്രതിയായിരുന്നില്ല. അദ്ദേഹം ടി.വി. കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ വീട്ടിൽ കയറി യാതൊരു പ്രകോപനവുമില്ലാതെ ആക്രമണം നടത്തി. രാമകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രതികളെല്ലാം അദ്ദേഹത്തിന് നേരിട്ടറിയാവുന്ന ആളുകളാണ്. അദ്ദേഹത്തിനോട് ഒരു കാര്യം പറയാനുണ്ടെന്നുപറഞ്ഞ് വീടിനകത്തുനിന്ന് പുറത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയാണ് ആക്രമിച്ചത്. കേരള പോലീസിന് ഈ പ്രതികളെ സംബന്ധിച്ചുള്ള

കാര്യങ്ങളൊന്നും ബോധ്യമാകുന്നില്ല. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അടിയന്തര നടപടിയെടുക്കാമെന്നാണ് പറഞ്ഞത്. കഴിഞ്ഞ രണ്ടര മാസമായി ഇതുവരെ ഒരാളെയെങ്കിലും അറസ്റ്റുചെയ്യാനാവശ്യമായ ഒരു നടപടിയും എടുത്തിട്ടില്ല. എല്ലാ പ്രതികളുടെയും ലിസ്റ്റ് ഞങ്ങൾ കൊടുത്തിട്ടുണ്ട്. ആ പ്രതികളെയെല്ലാം നേരിട്ട് കണ്ടിട്ടുള്ളതാണ്. എന്നാൽ ഇത് ഒറ്റപ്പെട്ട ഒരു സംഭവമായി ഞാൻ കാണുന്നില്ല. മാഫിയകളുടെ പറുദീസയായും തട്ടിപ്പുകാരുടെ വിളഭൂമിയായും ദൈവത്തിന്റെ ഈ സ്വന്തം നാട് മാറിക്കൊണ്ടിരിക്കുകയാണ്. പോലീസ് സേനയിൽ ക്രിമിനലുകളാണ് ഇപ്പോൾ വിലസുന്നത്. ഇവിടെ എല്ലാത്തിനും രണ്ടുതരം നീതിയാണ്. ഒരു വിഭാഗത്തിന് എവിടെവച്ച് എന്തുമാകാം എന്നനിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. മറ്റൊരു വിഭാഗം അടിമകളായി എല്ലാം സഹിക്കണമെന്നാണ് പറയുന്നത്. ഞങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയാണ്. കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ വലതുപക്ഷ രാഷ്ട്രീയത്തിന് വന്നിട്ടുള്ള വലിയ തകർച്ചയായിട്ടാണ് ഞങ്ങൾ ഇതിനെ കാണുന്നത്. മലപ്പുറത്ത് മംഗലത്തുപടി പഞ്ചായത്തിൽ സി.പി.ഐ. (എം.)-ന്റെ പ്രവർത്തകരായ രണ്ട് ചെറുപ്പക്കാരെയാണ് വെട്ടി പരിക്കേൽപ്പിച്ചത്. മുസ്ലീം ലീഗിന്റെ ഭാഗമായ ഒരു തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.യിലെ ആളുകൾ ആഹ്ളാദം പ്രകടിപ്പിക്കുകയും അതിന്റെ ഭാഗമായി സി.പി.ഐ.(എം.)-ന്റെ പ്രവർത്തകൻമാരെ നടുറോഡിലിട്ട് തലങ്ങും വിലങ്ങും വെട്ടി കൊലചെയ്യാൻ ശ്രമിച്ചത് മൊബൈൽ ഫോണിൽ പകർത്തിയതുകൊണ്ടുമാത്രമാണ് അതിലെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞത്. യഥാർത്ഥത്തിൽ ഹിന്ദു തീവ്രവാദത്തെയും മുസ്ലീം

തീവ്രവാദത്തെയും ഒരേ സമയം ആ തീവ്രവാദവുമായി ബന്ധിപ്പിച്ച് സന്ധിചെയ്തുകൊണ്ടുള്ള പ്രവർത്തനമാണ്. അത് ഞങ്ങൾക്ക് അനുഭവമുണ്ട്. 1991-ലെ വടകര പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവിടെ പൊതുസ്ഥാനാർത്ഥിയായി വന്നത് രത്തൻ സിംഗാണ്. സി.പി.ഐ.(എം.)-നും എൽ.ഡി.എഫ്.-നും കെ.പി. ഉണ്ണിക്കൃഷ്ണനും എതിരായി അദ്ദേഹത്തെ പൊതുസ്ഥാനാർത്ഥിയായി അവിടെ നിശ്ചയിച്ചതാണ്. ആരാണ് രത്തൻ സിംഗിന് പിന്തുണകൊടുത്തത്? ബി.ജെ.പി.യും മുസ്ലീം ലീഗും കോൺഗ്രസ്സുമാണ് രത്തൻ സിംഗിന് പിന്തുണകൊടുത്തത്. അവർക്കെല്ലാം യോജിക്കുന്ന ഒരു സ്ഥാനാർത്ഥിയായിട്ടാണ് അദ്ദേഹത്തിനെ തെരഞ്ഞെടുത്തത്. ബി.ജെ.പി.ക്ക് മറ്റൊരു സ്ഥാനാർത്ഥി അവിടെ ഉണ്ടായിരുന്നില്ല. ഇതുതന്നെയാണ് ബേപ്പൂരിലും കണ്ടത്. മാധവൻകുട്ടി അറിയപ്പെടുന്ന ബി.ജെ.പി.ക്കാരനാണ്. മതേതരത്വത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹംസയ്ക്ക് എതിരായിട്ടാണ് അവിടെ മത്സരിച്ചിട്ടുള്ളത്. 'കോ-ലീ-ബി' സഖ്യം അവിടെ വളർന്നു വരുന്നുണ്ട്. 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിലെ പാർലമെന്റ് മണ്ഡലം സെക്രട്ടറിയായ പി. ജയരാജനെ പട്ടാപ്പകൽ വീട്ടിൽക്കയറി ഭീകരമായി വെട്ടി. അദ്ദേഹത്തിന് മരണവും ജീവിതവും ഒരു നൂൽപാലത്തിന്റെ വ്യത്യാസത്തിൽ മാത്രമാണ് അദ്ദേഹം രക്ഷപെട്ടത്. ......(ബഹളം)..... ആ തെരഞ്ഞെടുപ്പിൽ ഹിന്ദു തീവ്രവാദത്തെയും മുസ്ലീം തീവ്രവാദത്തെയും ഒരേ സമയം ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അവിടെ നടന്നത്. അതുപോലെ കഴിഞ്ഞ തെരഞ്ഞെടുപ്പിലും

ആർ.എം.പി.കാരനും ആർ.എസ്.എസ്.കാരനും യു.ഡി.എഫ്. കാരുമായുള്ള ബന്ധം പരസ്യമായി രംഗത്ത് വന്നിട്ടുണ്ട്. .......(ബഹളം).....

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ, പ്ലീസ് കൺക്ലൂഡ്. ഇതൊക്കെ രാവിലെ മുതൽ ചർച്ചചെയ്യുന്നതാണ്. പത്ത് മിനിട്ട് കഴിഞ്ഞു.

ശ്രീ. കെ. ദാസൻ: സർ, യു.ഡി.എഫും ബി.ജെ.പിയുമായുള്ള ബന്ധം പരസ്യമായതുകൊണ്ടാണ് ആർ.എസ്.എസ്സുകാർ നടത്തുന്ന എല്ലാ ഹീനമായ പ്രവൃത്തിക്കും എല്ലാതരത്തിലുള്ള പിന്തുണയും ഭരണ രംഗത്തുനിന്ന് നൽകുന്നുണ്ടെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാർ വളരെ ഗൗരവത്തോടെയാണ് എടുത്തിട്ടുള്ളത്. കൊയിലാണ്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ കുറേക്കാലമായി ബി.ജെ.പി., ആർ.എസ്.എസ്. സംഘട്ടനം നടന്നുവരുന്ന സ്ഥലമാണ്. 2013 വർഷം സി.പി.എം-ഡി.വൈ.എഫ്.ഐ.ക്കാരും ആർ.എസ്.എസ്-ബി. ജെ.പി-ക്കാരും തമ്മിൽ സംഘട്ടനം തുടർന്നുവരികയാണ്. പൂക്കോട് ബീച്ച്, തിരുവങ്ങൂർ - പൂക്കോട് ടൗൺ തുടങ്ങിയ പല സ്ഥലങ്ങളിലും ആർ.എസ്. എസ്.-സി.പി.ഐ. സംഘട്ടനത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊയിലാണ്ടി താലൂക്കിൽ 2013-ൽ മാത്രം സി.പി.ഐ.(എം.)-ബി.ജെ.പി - ആർ.എസ്.എസ് പ്രവർത്തകർ തമ്മിലുണ്ടായ സംഘട്ടനത്തിൽ സി.പി.

ഐ.(എം.) പ്രവർത്തകർ പ്രതിയായ 6 കേസ്സുകളും ബി.ജെ.പി.- ആർ.എസ്. എസ്. പ്രവർത്തകർ പ്രതിയായ 4 കേസ്സുകളും രജിസ്റ്റർ ചെയ്യുകയും ഇരുഭാഗത്തുനിന്നുമായി 42 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നാണ്, അത് ശരിയല്ല. അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സംഭവം അവിടെ എങ്ങനെയുണ്ടായി? അവിടെയുണ്ടായ ഒരു കൊലപാതകത്തോടനുബന്ധിച്ചാണ് ഇത്തരം സംഭവങ്ങൾ അവിടെയുണ്ടാകുന്നത്. ആ കൊലപാതകം വളരെ നിഷ്ഠൂരമായ ഒരു കൊലപാതകമായിരുന്നു. 12.2.2012-ാം തീയതി രാത്രി സി.പി.ഐ.(എം.) പ്രവർത്തകർ മനോജ് എന്ന ഒരു ആർ.എസ്.എസ് പ്രവർത്തകനെ വെട്ടിയും കുത്തിയും കൊലപ്പെടുത്തി. അതിനെത്തുടർന്നാണ് ഈ സംഭവങ്ങളൊക്കെ അവിടെയുണ്ടാകുന്നത്. നമ്മൾ യാഥാർത്ഥ്യങ്ങൾ കാണണം. ശ്രീ.കെ. ദാസൻ അവിടത്തെ എം.എൽ.എ.യാണ്. ....(ബഹളം)...........

<u>മി. സ്പീക്കർ</u> : യെസ്.....പ്ലീസ്.... ശ്രീ. പി. കെ. ബഷീർ, മിനിസ്റ്റർ സംസാരിക്കും. പ്ലീസ്......പ്ലീസ്.....

<u>ശ്രീ. രമേശ് ചെന്നിത്തല</u> : അവിടെയുണ്ടായ ഈ കൊലപാതകത്തെത്തുടർന്നാണ് കൊയിലാണ്ടി താലൂക്കിൽ കുറച്ചുനാളുകളായി സംഘർഷം നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സി.പി.ഐ.(എം.), ആർ.എസ്.എസ്., കോൺഗ്രസ്സ് എന്നൊന്നും നോക്കിയല്ല കേസ്സ് രജിസ്റ്റർ ചെയ്യുന്നത്. 42-ഓളം പ്രതികളെ ഈ രണ്ട് വിഭാഗങ്ങളിൽനിന്നും അറസ്റ്റ് ചെയ്തിട്ടുള്ളത്. വളരെ ഗൗരവമായ സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്നുവെന്ന് ശ്രീ. കെ. ദാസൻ പറഞ്ഞത് ശരിയാണ്.

ഗവൺമെന്റ് അതിനെ വളരെ ഗൗരവത്തോടെ കാണുകയാണ്. ഇന്നലെ രണ്ട് സംഭവങ്ങളുണ്ടായി. സ്ഫോടകവസ്തു എറിഞ്ഞതിനെ സംബന്ധിച്ച് ഗവൺമെന്റ് കേസ്സെടുത്തിട്ടുണ്ട്. ഈ കൊലപാതകത്തിലെ പതിനൊന്നാം പ്രതിയായ മനോജിന്റെ വീട്ടിലാണ് സ്ഫോടകവസ്തു എറിഞ്ഞിട്ടുള്ളത്. അതുകൊണ്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ അന്വേഷണം നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ രാഷ്ട്രീയത്തി നൊന്നും ഞാൻ മറുപടി പറയുന്നില്ല. അതുപോലെ പയ്യോളി പ്രദേശത്ത് സമാധാനം സ്ഥാപിക്കാൻ വേണ്ടി ജില്ലാ കളക്ടറോട് അവിടെ സമാധാന ശ്രമം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അഖിലകക്ഷിയോഗം വിളിച്ച് അവിടെ സമാധാനമുണ്ടാക്കാൻ വേണ്ടിയുള്ള നടപടികൾക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എം.എൽ.എ. എന്ന നിലയിൽ ശ്രീ. കെ. ദാസനും അതിൽ പങ്കെടുക്കണം. അവിടെ സമാധാന അന്തരീക്ഷം നിലനിർത്തുവാനും ഇനിയും അവിടെ പ്രശ്നങ്ങളുണ്ടാകാതിരിക്കാനുമുള്ള നടപടിയാണ് സർക്കാ രിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഈ കാര്യത്തിൽ കക്ഷിയെയല്ല, എല്ലാ ക്രിമിനൽ നടപടികളെയും ഒരുപോലെയാണ് സർക്കാർ കാണുന്നത്. ശക്ത മായ നടപടി ഇക്കാര്യത്തിൽ ഉണ്ടാകും. ഏത് പാർട്ടിയെന്നുനോക്കാതെ മുഖം നോക്കാതെ സമാധാനം നിലനിർത്താൻ വേണ്ടിയുള്ള ശക്തമായ നടപടികളു മായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകര ണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനു മതി നിഷേധിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു കൊലപാതകത്തിന്റെ കാര്യം പറഞ്ഞുകൊണ്ട് അവിടെ നടന്നിട്ടുള്ള ആക്രമണത്തെയെല്ലാം ന്യായീകരിക്കാനാണ് ശ്രമിക്കുന്നത്. ആർ.എസ്. എസ്. പ്രവർത്തകർ കോൺഗ്രസ്സുകാരുമായി ചേർന്ന് അവിടെ ഇടതുപക്ഷ പാർട്ടിക്കാർക്കെതിരായിട്ടും നിഷ്പക്ഷമതികളായ ആളുകൾക്ക് എതിരായിട്ടുമുള്ള വളരെ ഹീനമായ ആക്രമണം ഒന്നിനുപുറകേ ഒന്നായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവരെയൊക്കെ അമർച്ച ചെയ്യേണ്ട പോലീസുകാരാകട്ടെ നിഷ്ക്രിയരാണ്. പോലീസുകാർ തന്നെ ക്രിമിനലുകളായി മാറുന്ന സ്ഥിതിയുണ്ട്. ക്രിമിനലുകളും പോലീസും തമ്മിലുള്ള അവിശുദ്ധ ബന്ധം ശക്തമാണ്. ക്രിമിനൽവത്ക്കരിക്കപ്പെട്ട ആർ.എസ്.എസ്സുകാരും അഴിഞ്ഞാടുകയാണ്. അക്കാര്യമാണ് അടിയന്തരപ്രമേയത്തിൽ ഇവിടെ വിശദമാക്കിയത്. ഇന്നലെ ദൃശ്യമാധ്യമങ്ങളിലും ഇന്ന് പത്രങ്ങളിലുമെല്ലാം നാം കണ്ടതാണ്, ഒരു വനിതാ കോൺഗ്രസ്സ് നേതാവ് ഒരു പോലീസ് ഓഫീസറെ പുലഭ്യം പറയുന്നത് നാം കേൾക്കുകയും കാണുകയും ചെയ്തിരിക്കുന്നു. കേട്ടാൽ അറയ്ക്കുന്ന ഭാഷയിലാണ് ആ വനിതാനേതാവ് പോലീസിനുനേരെ ആക്രോശം ചൊരിഞ്ഞത്. അപ്പോൾ പൂച്ചയുടെ മുമ്പിൽപ്പെട്ട എലിക്കുഞ്ഞിനെപ്പോലെ പാത്തുനിൽക്കുകയാണ് ആ പോലീസ് ഓഫീസർ ചെയ്തത്. ഇതെന്ത് പോലീസാണ്? ഇങ്ങനെ പോലീസിനെ പേടിച്ചുതൂറികളാക്കാനാണോ ശ്രീമാൻ രമേശ് ചെന്നിത്തല ഒളിപ്പെട്ടും വെളിപ്പെട്ടും ഒളിവെട്ടുംപയറ്റി ആഭ്യന്തര വകുപ്പുമന്ത്രിയായത്. ധാരാളം പയറ്റിയാണല്ലോ അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായത്. ആരുടെ തള്ളലിലാണ് ഈ വനിതാ നേതാവ് പോലീസിനെ ഇങ്ങനെ കൈകാര്യം ചെയ്തത്? എന്താണ് ഇതിനെ

പ്പറ്റി മുഖ്യമന്ത്രിക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും പറയാനുള്ളത്? പോലീസ് സ്റ്റേഷനിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ അടക്കം മദ്യപിച്ച് കൂത്താടിയത് നാട്ടുകാർ പിടികൂടിയ വാർത്ത ഇന്ന് വന്നിട്ടുണ്ട്. എന്ത് നടപടിയാണ് ഇത്തരം സാമൂഹ്യവിരുദ്ധരായ പോലീസുകാർക്കെതിരെ എടുക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലിസ് അവരുടെ ശത്രുക്കളായി മാറുകയല്ലേ. പോലീസും ക്രിമിനലുകളും തമ്മിൽ അവിശുദ്ധ ബന്ധമുണ്ടെന്ന് മാത്രമല്ല പോലീസ് തന്നെ ക്രിമിനലുകളായി മാറുകയാണ്. നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ പീഡനങ്ങളും ആക്രമണങ്ങളും വർദ്ധിച്ചുവരുന്നത് തടയുന്നതിലും പോലീസ് പരാജയപ്പെടുകയല്ലേ? പയ്യോളിയിൽ ആർ.എസ്.എസ്. ക്രിമിനലുകൾ ബോംബ് എറിഞ്ഞ് സംഘർഷമുണ്ടാക്കിയത് ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ വേണം കാണാൻ. ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നവും ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത നിങ്ങൾ ഇക്കാര്യത്തിലും നിഷേധാത്മകമായ സമീപനമാണ് തുടരുന്നത്. ഈ നിലപാട് ആർ.എസ്.എസ്സുകാരും കോൺഗ്രസ്സുകാരും പോലീസും ചേർന്ന് ഒരു ഒത്തുകളി നടത്തിക്കൊണ്ട് ഇടതുപക്ഷക്കാരും നിഷ്പക്ഷമതികളുമായിട്ടുള്ള ആളുകളെ ഇത്തരത്തിൽ വേട്ടയാടുന്നത് ഒരുതരത്തിലും അംഗീകരിക്കാനാവില്ല. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

((ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ഈ സഭയിലെ ഒരംഗത്തിന്റെ മണ്ഡലത്തിൽ നടന്ന ദാരുണമായ സംഭവങ്ങളെ സംബന്ധിച്ചാണ് ഞങ്ങളിവിടെ അടിയന്തര

പ്രമേയം അവതരിപ്പിച്ചത്. ഇതുപോലെയുള്ള അനുഭവങ്ങൾ ശ്രീ. കെ. ദാസന്റെ മണ്ഡലത്തിൽ മാത്രമല്ല, ഹരിപ്പാടുൾപ്പെടെ എല്ലാ നിയമസഭാ സാമാജികരുടെയും മണ്ഡലങ്ങളിൽ ഉണ്ടാകാം. പൊതുവെ എം.എൽ.എ മാരുടെ മണ്ഡലത്തിൽ ഉണ്ടാകുന്ന ആക്രമണങ്ങളെ നേരിടാനുള്ള സഹായവും സംരക്ഷണവും ആഭ്യന്തര വകുപ്പുമന്ത്രിക്ക് നിക്ഷിപ്തമാണത്. അതാണ് ഞങ്ങളിവിടെ ഉന്നയിക്കുന്നത്. ഇവിടെ എന്തെല്ലാം സംഭവങ്ങൾ നടന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വളരെ നിർഭാഗ്യകരമാണ്. ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള രാഷ്ട്രീയ സംഘർഷം കാരണമാണ് ഈ ബോംബേറ് നടന്നത് എന്ന് പറഞ്ഞാൽ ആ സ്റ്റേറ്റ്മെന്റിന്റെ സന്ദേശത്തിൽ അദ്ദേഹം ആർ.എസ്.എസ്സുകാ രെയാണ് ന്യായീകരിക്കുന്നത്. നമ്മുടെ രാജ്യത്ത് ദേശീയ രാഷ്ട്രീയ രംഗത്തു ണ്ടായിക്കൊണ്ടിരിക്കുന്ന സംഭ്രമജനകമായ, മതന്യൂനപക്ഷങ്ങളെ വേട്ടയാ ടുന്ന പുതിയൊരു രാഷ്ട്രീയ സാഹചര്യം ഉയർന്നു വരികയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പുതിയൊരു രാഷ്ട്രീയ സാഹചര്യവും ഉയർന്നു വരുന്നില്ലല്ലോ. ഞങ്ങ ളാണ് ബി.ജെ.പി.ക്കെതിരെ ഫൈറ്റ് ചെയ്യുന്നത്. രണ്ട് വിഭാഗങ്ങൾ തമ്മിലു ണ്ടായ സംഘർഷത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതിൽ ഞങ്ങളാ രെയും സൈഡ് ചെയ്യുന്നില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ നിഷ്പക്ഷമായ നിലയിൽ അന്വേഷണം നടത്തി മുഖം നോക്കാതെ നടപടിയെടുക്കും.

ശ്രീ. സി. ദിവാകരൻ: സർ, അത് വരുന്ന ദിവസങ്ങളിൽ തെളിയിക്കപ്പെ ടണം. അനുഭവങ്ങൾ ഇതുപോലെയുള്ളത് പറയാം. ആർ.എസ്.എസ്സുകാർക്ക് എവിടെനിന്നാണ് പൊടുന്നനെ ഇങ്ങനെയൊരു ആവേശമുണ്ടായത്? അടുത്ത കാലത്ത് ഇതെല്ലാം കെട്ടൊടുങ്ങിയതായിരുന്നു. പക്ഷേ ഇപ്പോൾ സംഘടിത

മായി... ഏതു പാർട്ടിക്കാരനുമായിക്കൊള്ളട്ടെ... ഒരു രാഷ്ട്രീയ പാർട്ടിക്കാരൻ, ഒരു ദേശീയ രാഷ്ട്രീയ പാർട്ടി, ആർക്കും അപകടമില്ലാത്ത, പുതിയ മാറ്റത്തിനുവേണ്ടി നിൽക്കുന്ന .... ബി.ജെ.പി.യും മറ്റു രാഷ്ട്രീയ പാർട്ടികളും ഒന്നുപോലെയാണോ? ആർ.എസ്.എസ്സും രാഷ്ട്രീയ പാർട്ടികളും ഒന്നുപോലെയാണോ? ഇവിടെ ബോംബേറ് നടത്തിയിരിക്കുന്നത് ആർ.എസ്.എസ്സുകാരാണെന്ന് സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. അവരെ അറസ്റ്റ് ചെയ്യാതെ ആ ബോംബേറിന് ഇരയായ വീട്ടുകാരനെ അറസ്റ്റ് ചെയ്യുന്നതിൽ എന്ത് നീതിയാണുള്ളത്? നെയ്യാറ്റിൻകര നാരായണൻ നായരുടെ കൊലപാതകം– ഐ.ടി.ഐ.–യിലുണ്ടായ സംഘർഷത്തിന്റെ ഫലമായി അവിടത്തെ ഒരു വിദ്യാർത്ഥിയുടെ വീട്ടിൽ കയറി അയാളെ കിട്ടാത്തതുകൊണ്ട് അയാളുടെ പിതാവിനെ ദാരുണമായി കൊലചെയ്തു. ഇതിനെ സംബന്ധിച്ച് ഇവിടെ എന്തു നടപടിയെടുത്തു? ആർ.എസ്.എസ്സുകാരോട് എന്തുകൊണ്ടാണ് ഈ മൃദുല സമീപനം? ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചു, ഇങ്ങനെയൊരു പോലീസ് ഓഫീസറെ ഞങ്ങളാരെങ്കിലും വെല്ലുവിളിച്ചു കൈകാര്യം ചെയിതിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി? കോൺഗ്രസ്സുകാർക്ക് നിയമം കൈയ്യിലെടുക്കാമെന്നാണോ? പരസ്യമായി പെരുവഴിയിൽ വച്ച് പോലീസ് ഉദ്യോഗസ്ഥന്മാരെ കൈകാര്യം ചെയ്യണോ? അത് നിങ്ങൾ ന്യായീകരിക്കുന്നുണ്ടോ? നിങ്ങൾ അപലപിക്കുന്നില്ലല്ലോ? നിങ്ങൾ ആർ.എസ്.എസ്സിനെയും സംഘപരിവാറിനെയും അപലപിക്കില്ല. നിങ്ങൾക്ക് നേരംവെളുത്താൽ ഇരുട്ടുന്നതുവരെ ഏതോ ഒരു ടി.പി. വധക്കേസും കൊണ്ടു നടക്കുന്നുവെന്നല്ലാതെ എത്ര കൊലപാതകങ്ങളാണ് ഈ കേരളത്തിൽ നടക്കുന്നത്? എന്താണ് നിങ്ങൾ മൗനം ദീക്ഷിക്കുന്നത്? ആത്മഹത്യാപരമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നിങ്ങൾക്ക് വൈരാഗ്യമുള്ള, ശത്രുതയുള്ള

രാഷ്ട്രീയ പാർട്ടിയെ പ്രതിയാക്കാനും അവരെ അക്രമിക്കാനുമുള്ള ആയുധമായി നിങ്ങളുടെ ഗവൺമെന്റ് അധികാരമുപയോഗിക്കുകയാണ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ പഴയ പാർട്ടിയുടെ കാര്യമാണ് ഞാൻ പറയുന്നത്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അപ്പുറത്തിരിക്കുമ്പോൾ എന്ത് ആക്രോശമാണ് താങ്കൾ നടത്തുന്നത്? പഴയ കാര്യങ്ങളൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. പക്ഷേ ഇവിടെ നീതി എല്ലാവർക്കും തുല്യമായിരിക്കണമെന്ന് പറയുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ആഭ്യന്തരമന്ത്രിയായതിൽ മറ്റാരെയുംപോലെ ഞങ്ങളും സ്വാഗതം ചെയ്യുന്നു. താങ്കളുടെ ഇപ്പോഴത്തെ യാത്ര വളരെ അപകടകരമാണ്. നമ്മുടെ രാജ്യത്തിൽ മതേതരത്വത്തിന്റെ പ്രശ്നങ്ങളുണ്ട്, മൗലികമായ പ്രശ്നങ്ങൾ. രാജ്യത്തിന്റെ മൗലികമായ ചില നയങ്ങളുണ്ട്. അതിനെയാണ് ഇവർ പതുക്കെപ്പതുക്കെ വെല്ലുവിളിക്കുന്നത്. അത് ആദ്യം സി.പി.ഐ.എമ്മിന്റെ നേർക്കുള്ള ആക്രമണമാകാം. നാളെയിത് നിങ്ങളുടെ നേർക്കാണ്. ബി.ജെ.പി-യെയും ഇന്ത്യയിലുയർന്നു വരുന്ന രാഷ്ട്രീയ നേതൃത്വത്തേയും സംബന്ധിച്ച അപകടകരമായ സാഹചര്യത്തെ നിങ്ങളെങ്ങനെ നേരിടാൻ പോകുന്നു? നിങ്ങളുടെ സമീപനമിതാണെങ്കിൽ നാളെ വരാൻ പോകുന്ന ഇന്ത്യൻ രാഷ്ട്രീയത്തെ കാണാൻ നിങ്ങൾക്ക് കണ്ണില്ലാതെ പോകുന്നു. നിങ്ങളൊരു കുണ്ടുകിണറ്റിലെ തവളക്കുഞ്ഞുങ്ങളായിരുന്നാണ് ഞങ്ങളെ ആക്രമിക്കുന്നത്. നിങ്ങൾ ഇന്ത്യയെയോ ഇന്ത്യയുടെ രാഷ്ട്രീയ മാറ്റങ്ങളെയോ കാണുന്നില്ല. ഇന്ത്യയുടെ മതേതരത്വം കാണുന്നില്ല. ആർ.എസ്.എസ്സുകാരെ വെള്ളപൂശുന്നവരെ ജനങ്ങൾ വെറുതെ വിടാൻ പോകുന്നില്ല. ബി.ജെ.പി.യെയും സംഘപരിവാറിനെയും ആർ.എസ്.എസ്സുകാരനെയും അവരുടെ അക്രമണങ്ങളെയും അപലപിക്കാൻ പോലും ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. ഇതിലെ പ്രതികൾ അവ

രാണ്. പ്രതികൾ ആർ.എസ്.എസ്സുകാരാണെങ്കിൽ പോലീസ് മൗനം പാലിക്കുകയും അത് കോൺഗ്രസ്സുകാരാണെങ്കിൽ നിശബ്ദരാകുകയും ചെയ്യുന്നു. എന്ത് നീതി നടത്തിപ്പാണിത്? ഈ വിഷയമാണ്, ഒരു എം.എൽ.എ.-യുടെ മണ്ഡലത്തിലെ അനുഭവങ്ങൾ പോലും ഇവിടെ ചർച്ചചെയ്യാൻ കഴിയുന്നില്ല. സഭനിർത്തിവച്ച് ചർച്ചചെയ്യണമെന്നാണ് ഞങ്ങളെല്ലാവരും ആവശ്യപ്പെടുന്നത്. അങ്ങതിന് മാതൃകാപരമായി വഴങ്ങുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. വഴങ്ങിയില്ല. അതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, കേരളത്തിൽ പോലീസ് നിഷ്പക്ഷമായി പ്രവർത്തിക്കണമെങ്കിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി ഈ രണ്ടു സ്ഥാനങ്ങൾ വച്ചുകൊണ്ടിരിക്കാൻ പാടില്ല. എന്താണ് കെ.പി.സി.സി.-ക്ക് ഒരു പ്രസിഡന്റ് ഉണ്ടാകാത്തത്? ഇന്ന് കേരളത്തിലെ കോൺഗ്രസ് പ്രവർത്തകർ, അവരുടെ പ്രസിഡന്റ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയും അദ്ദേഹമാണ് കേരളത്തിലെ പോലീസിനെ നിയന്ത്രിക്കുന്നതെന്നുമുള്ള അഹങ്കാരത്തോടുകൂടി റോഡിലിറങ്ങിയിരിക്കുന്നു. കോൺഗ്രസ് നേതൃത്വവും പ്രവർത്തകരും വനിതാനേതാക്കളും മാത്രമല്ല, ആർ.എസ്.എസ്സുകാർക്കും ഇന്ന് ആത്മവിശ്വാസം വന്നിരിക്കുന്നു. ഏത് അക്രമം നടത്തിലായും തങ്ങളെ സംരക്ഷിക്കാൻ മുകളിലൊരാൾ ഇരിക്കുന്നു എന്ന ധാരണയിൽ ആർ.എസ്. എസ്സുകാരും കോൺഗ്രസ് നേതാക്കൻമാരും ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു സാഹചര്യം കേരളത്തിൽ കഴിഞ്ഞ ഒന്നരമാസക്കാലത്തോളമായി ഉണ്ടായ

താണ്. ഇത് വലിയ അപകടമാണ്. നമ്മുടെ നിയമവാഴ്ച സംരക്ഷിക്കപ്പെടണ്ടേ? ഇവിടെ എന്തിനാണ് ആർ.എസ്.എസ്സ്. അക്രമികളോട് ഒരു സോഫ്റ്റ് കോർണർ ഈ ഗവൺമെന്റ് കാണിക്കുന്നത്? അക്രമിക്കപ്പെട്ടവർ സി.പി.ഐ.(എം.)കാരാണെങ്കിൽ ആയിക്കോളു എന്ന സമീപനമുണ്ടോ? ആര് ആക്രമിക്കപ്പെട്ടാലും നടപടി വേണ്ടേ? ഇക്കാര്യത്തിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഒരു നാട്ടിലെ സമാധാന അന്തരീക്ഷം കെടുത്തുന്ന തരത്തിൽ പ്രവർത്തിക്കുന്ന ആർ.എസ്.എസ്സ്. പ്രവർത്തകർക്കെതിരെ കർശനമായ നടപടി ഉണ്ടാകണമെന്നാവശ്യപ്പെട്ടപ്പോൾ, ഒരു തരത്തിലുമുള്ള ആർ.എസ്.എസ്സ്. ഫാസിസത്തെയും അനുവദിക്കില്ലെന്ന് ശക്തമായി പറയാനും നടപടിയെടുക്കാനും അത്തരത്തിലുള്ള നിലപാടെടുക്കാനും ഈ ഗവൺമെന്റിന് കഴിയാത്തത് അങ്ങേയറ്റം പ്രതിഷേധാത്മകമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു. റ്റി. തോമസും അദ്ദഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

<u>ശ്രീ. എ. എ. അസീസ്</u>: സർ, ആർ.എസ്.എസ്. എന്ന ക്രിമിനലുകളുടെ പേരിൽ നടപടിയെടുക്കാൻ പോലീസ് തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞതുപോലെ ആർ.എസ്.എസ്.ന്റെ നേതാക്കളെ പോലീസ് ഭയപ്പെടുന്നത് എന്തിനാണ്? ഈ ഗവൺമെന്റിന് ആർ.എസ്.എസ്–നെ ഭയമുണ്ടോ; ആർ.എസ്.എസ്./ബി.ജെ.പി.യുടെ പിന്തുണയോടുകൂടിയാണോ ഈ ഗവൺമെന്റ് ഭരണം നടത്തുന്നത്. പാർട്ടി ഏതുതന്നെയായാലും കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുവാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ കൂട്ടാക്കാത്ത,

ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, 2012 മുതൽ പയ്യോളിയിലും പരിസരത്തും ഏകദേശം ഒന്നര വർഷക്കാലമായി സംഘർഷാവസ്ഥയാണെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. എന്തുകൊണ്ടാണ് ഇവിടത്തെ ഭരണകൂടത്തിന് ആ സംഘർഷാവസ്ഥ അവസാനിപ്പിച്ച് അവിടെ സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയാതെ പോകുന്നത്. കുറ്റം ചെയ്താൽ ആരും ശിക്ഷിക്കുകയില്ലെന്ന ബോദ്ധ്യമുള്ളതുകൊണ്ടാണ് കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത്. ആർ.എസ്.എസ്-കാർ എന്തുചെയ്താലും അവർക്കെതിരെ കേസ് ഉണ്ടാവുകയില്ല. അവരെ ആരും ശിക്ഷിക്കുകയില്ല, അവരെ പിടിക്കുകയില്ല, അവർക്ക് സംരക്ഷണമുണ്ടാകുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒന്നരക്കൊല്ലം മുമ്പുണ്ടായ സംഭവമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറയുമ്പോഴും അതേ സംഭവം തന്നെ ഇവിടെ ആവർത്തിക്കുകയാണ്. ഒരു പ്രദേശത്ത് നിരന്തരമായ ഇത്തരം അക്രമസംഭവം ഉണ്ടാകുമ്പോൾ അത് പരിശോധിച്ച് ചർച്ച ചെയ്ത് സമാധാന അന്തരീക്ഷമുണ്ടാക്കേണ്ട ചുമതല ഗവൺമെന്റിനാണ്. ആ ചുമതല നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് ശ്രീ. കെ. ദാസൻ എം.എൽ.എ.ക്ക് ഇവിടെയൊരു അടിയന്തരപ്രമേയം കൊണ്ടുവരേണ്ടിവന്നത്. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ ശ്രീ. കെ. ദാസൻ പങ്കെടുക്കണമെന്ന് ബഹുമാ

നപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. ചർച്ചയിൽ പ്രതിപക്ഷത്തെ പങ്കാളികളാക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ശ്രീ. കെ. ദാസനെ പങ്കാളിയാക്കുക എന്ന ഉദാരമായ സമീപനം സ്വീകരിച്ച ബഹു മാനപ്പെട്ട മന്ത്രി, ഈ സഭയിലെ ഭരണ-പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായം കേട്ടുകൊണ്ട് അവിടെ നല്ലൊരന്തരീക്ഷമുണ്ടാക്കാൻ ശ്രമിക്കണമായിരുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഞാൻ ചാർജ്ജെടുക്കുന്നതിനുമുമ്പുതന്നെ ഈ ഗവൺമെന്റ് അവിടെ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതാണ്. അതിൽ ആർ.എസ്.എസ്-ന്റെ ആളുകൾ പങ്കെടുത്തില്ല. ഗവൺമെന്റിന്റെ ഭാഗ ത്തുനിന്നും കളക്ടറുടെ നേതൃത്വത്തിൽ രണ്ടുപ്രാവശ്യം ചർച്ചയ്ക്ക് വിളിച്ച താണ്. അതിൽ ഗവൺമെന്റിന് നിഷ്പക്ഷ സമീപനം മാത്രമേയുള്ളൂ. അതിനു ശേഷം ഇന്നുതന്നെ വീണ്ടും കളക്ടറോട് സമാധാനത്തിനുവേണ്ടി ആൾ പാർട്ടി മീറ്റിംഗ് കൂടാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: അതിന് നന്ദി. അതുതന്നെയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. കളക്ടർ വിളിച്ചാൽപോലും ഞങ്ങൾ പങ്കെടുക്കി ല്ലെന്ന ധിക്കാരമാണ് അവിടത്തെ ആർ.എസ്.എസ്-കാർ കാണിക്കുന്നത്. രണ്ടു പ്രാവശ്യം വിളിച്ചിട്ടും അവർ വന്നില്ല. അതുതന്നെയാണ് ഞാൻ ചൂണ്ടി ക്കാണിച്ചത്. അങ്ങനെയുള്ളൊരു സാഹചര്യത്തിൽ അവർക്ക് ധിക്കാരമു ണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. അങ്ങനെ അഹങ്കരിക്കാൻ അവരെ പ്രേരിപ്പി ച്ചത് എന്താണെന്ന് പരിശോധിക്കണം. അങ്ങനെ പരിശോധിച്ച് ഒരു തീരുമാന മെടുക്കേണ്ട സാഹചര്യമാണ് അവിടെയുള്ളത് ആ സാഹചര്യം ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അങ്ങനെയൊരു ചർച്ചയ്ക്ക് ത

യ്യാറാകാതിരുന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

(ശ്രദ്ധക്ഷണിക്കൽ)